(8) പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം

ശ്രീ. വർക്കല കഹാർ: സർ, ആറ്റിങ്ങൽ-വർക്കല നിയോജകമണ്ഡലങ്ങളിൽ സ്ഥിതിചെയ്യുന്ന പണയിൽക്കടവ് പാലത്തിന്റെ വർക്കല ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെ പണി പാലം ഉദ്ഘാടനം കഴിഞ്ഞ് ഒന്നരവർഷത്തിനുശേഷവും ആരംഭിച്ചിട്ടില്ല. ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകയാണ്. സ്ഥലം എടുത്തുകൊടുക്കാത്തതുകൊണ്ടാണ് പണി തുടങ്ങാൻ കഴിയാത്തതെന്നാണ് പി.ഡബ്ള്യു.ഡി. യുടെ നിലപാട്. സ്ഥലം എടുത്തുകൊടുക്കുന്നതിന് ഇപ്പോൾ തടസ്സമൊന്നുമില്ല. ഒരു കോടതി സ്റ്റേയും നിലവിലില്ല. സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, സ്ഥലമെടുപ്പിനെതിരായി മൂന്ന് കേസുകൾ ഉണ്ടായിരുന്നു. ഒ.എസ് 114/2002, സി.ആർ.പി 584/2005, വർക്കല കോടതിയിലെ വേറൊരു കേസ്. അതുകൊണ്ട് പൊന്നുംവിലയ്ക്കെടുക്കുന്ന പരിപാടി നടത്താൻ തടസ്സമുണ്ടായി. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തടസ്സമില്ല; സ്റ്റേയില്ല. അതുകൊണ്ട് വളരെ വേഗത്തിൽ പൊന്നുംവില നടപടികൾക്ക് അടിയന്തിര നിർദ്ദേശം നൽകുന്നതാണ്.

(9) ടി. വി. പുരം ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കള്ളുഷാപ്പ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം

ശ്രീ. പി. നാരായണൻ: സർ, കോട്ടയം ജില്ലയിലെ വൈക്കം റേഞ്ചിൽ ടി. വി. പുരം ഗ്രാമപ്പഞ്ചായത്തിൽ ഗവൺമെന്റ് നിയമത്തിനു വിധേയമായി പ്രവർത്തിക്കുന്ന ടി.എസ്.നമ്പർ-38 എന്ന കള്ളുഷാപ്പ് തുറന്നു പ്രവർത്തിക്കണമെന്നതാണ് എന്റെ ആവശ്യം. തൊഴിലാളികൾ നടത്തുന്ന ഒരു ഷാപ്പാണ്. അന്ന് ബഹുമാനപ്പെട്ട എക്സൈസ് മന്ത്രിയാണ് അവർക്ക് എല്ലാ അവകാശങ്ങളും കൊടുത്തത്. അതിനെക്കുറിച്ച് പരാതിയുണ്ടോയെന്ന് അന്വേഷിച്ചു, ജില്ലാ കളക്ടറും എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും എ.എസ്.ഐ.യും പരാതിയില്ലെന്ന് പറഞ്ഞു. ഇതിനടുത്ത് ആരാധനാലയങ്ങളോ സ്കൂളുകളോ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ആ ഷാപ്പ് തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ഗവൺമെന്റിൽ പണം അടച്ച് കാത്തിരിക്കുകയാണ്. പാവപ്പെട്ട കുടുംബങ്ങളെ സംരക്ഷിക്കാൻ വേണ്ടിയാണ് ഞാനിതു പറയുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടികളെടുക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, ആ പ്രദേശത്തെ ആളുകൾക്ക് ശക്തമായ എതിർപ്പുണ്ട്. കഴിഞ്ഞ തവണ തന്നെ മാർച്ച് 31 വരെ പോലീസ് പ്രൊട്ടക്ഷനിലാണ് ഷാപ്പ് നടത്തിയത്. പോലീസ് പ്രൊട്ടക്ഷൻ കൊടുത്തുകൊണ്ട് ഒരു കള്ളുഷാപ്പ് നടത്താൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഇനിയും ലൈസൻസ് പുതുക്കുമ്പോൾ ആ സ്ഥലത്തുനിന്ന് മാറ്റി അതിന്റെ പരിധിയിൽത്തന്നെ വേറെ ഏതെങ്കിലും പ്രദേശത്തേക്ക് മാറ്റണം എന്നു പറഞ്ഞ് ജൂൺ മുപ്പതുവരെ നീട്ടിക്കൊടുത്തു. അവർ അതിന് തയ്യാറായില്ല. സ്ഥലം മാറ്റാത്തതുകൊണ്ട് പുതുക്കിക്കൊടുത്തില്ല. അവർ കോടതിയിൽ പോയി. ഹൈക്കോടതി കുറേ ദിവസംകൂടി കൊടുത്തു, ജൂലൈ 17 വരെ; അതിനുശേഷം ഇല്ല. ഒരു പള്ളിക്കൂടത്തിനുവേണ്ടിയോ ദേവാലയത്തിനുവേണ്ടിയോ ആണെങ്കിൽ പത്ത് പേരെ അടിക്കാനോ, അറസ്റ്റുചെയ്യാനോ സർക്കാരിന് മടിയില്ല. ഒരു കള്ളുഷാപ്പ് നടത്താൻവേണ്ടി പോലീസിനെ ഉപയോഗിക്കാൻ ഗവൺമെന്റിന് ആഗ്രഹമില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ട് ആ കള്ളുഷാപ്പ് അവിടെനിന്ന് മാറ്റി ജനങ്ങൾക്ക് എതിർപ്പില്ലാത്ത എവിടെയെങ്കിലും ഇട്ടാൽ നന്നായിരിക്കും.

(10) കുത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ അഭാവം

ശ്രീ. പി. ജയരാജൻ: സർ, കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രി താലൂക്കാശുപത്രിയുടെ ഗുണം കിട്ടുന്ന ആശുപത്രിയാണ്. നൂറുകണക്കിന് രോഗികളാണ് അവിടെ വരുന്നത്. അവിടെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി പേയിംഗ് ഫാർമസി ഏർപ്പെടുത്തിയതിനാൽ ചുരുങ്ങിയ നിരക്കിൽ മരുന്ന് കിട്ടിക്കൊണ്ടിരിക്കുന്നു. ഏതാണ്ട് പത്ത് ലക്ഷത്തോളം രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly